പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1858

04.05.2017 - ൽ മറുപടിയ്ക്ക്

## കയർ ഉത്പന്നങ്ങളുടെ പ്രോത്സാഹനം

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | ഉത്തരം<br>ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കയർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനു വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കയറുൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനു വേണ്ടി താഴെപറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്<br>1. കയർ മേഖലയിൽ സമ്പൂർണ്ണയന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.<br>2. ഉല്പാദന വിപണന (പിഎംഐ) ഇൻസെന്റീവിനായി അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്.<br>3. കയർ മാറ്റ് & മാറ്റിംഗ്സ് സ്ഥാപനങ്ങൾ, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് കയറുൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം(എംഡിഎ) നൽകിയിട്ടുണ്ട്.<br>4. PPSS പദ്ധതി പ്രകാരം കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.<br>5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ MGNREGS-ന്റെ ഭാഗമായി കൃഷി-ജല-മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറ്റു മേഖലകളിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി വിപുലമായ ബോധവൽക്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>6. മാർക്കറ്റിംഗ് പബ്ളിസിറ്റി, വ്യാപാരമേളകൾ, പുതിയ ഷോറൂമുകൾ എന്നിവയ്ക്കു വേണ്ടി ആവശ്യമായ തുക നൽകിയിട്ടുണ്ട്.<br>7. 2017 സെപ്തംബർ /ഒക്ടോബർ മാസത്തിൽ ആലപ്പുഴയിൽ വച്ച് കയർകേരള, രാജ്യാന്തര മേള സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>8. 2017 ലെ ഓണത്തിനോടനുബന്ധിച്ച് നഗരങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാളുകൾ മുഖേന സബ്സിഡിയോടുകൂടി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) കയർ ഉത്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഈ സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | ബി) കയറിന്റെ വിദേശ വിപണി വിപുലപ്പെടുത്തുന്നതിന് പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി., കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി സ്വീകരിച്ചുവരുന്നു. 2017 സെപ്തംബറിൽ ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) ഈ മേഖലയിലെ സംരംഭകർക്ക് ഏതെല്ലാം തരത്തിലുള്ള സാമ്പത്തിക പിന്തുണയാണ് നൽകി വരുന്നതെന്നറിയിക്കാമോ; | സി)<br>1. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br>2. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.<br>3. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകി വരുന്നു.<br>4. കയർ വ്യവസായത്തിൽ സമ്പൂർണ്ണതോതിൽ യന്ത്രവൽക്കരണം സാമൂഹ്യമായ ഭിന്നതകൾ ഒഴിവാക്കി നടപ്പിലാക്കുന്നു.<br>5. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>6. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>7. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>8. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>9. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. |
| ഡി)ഈ മേഖലയിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പെൻഷൻ സ്കീമുകളെക്കുറിച്ച് വിശദീകരിക്കാമോ? | ഡി)ക്ഷേമനിധി ബോർഡ് മുഖേന കയർ തൊഴിലാളികൾക്ക് പെൻഷൻ, ചികിത്സാസഹായം, മാച്ചിംഗ് ഗ്രാന്റ് എന്നിവ നൽകി വരുന്നു. 2017 മാർച്ച് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. കയർ തൊഴിലാളികളുടെ ആശ്രിതർക്കുള്ള കുടുംബപെൻഷൻ 100 രൂപയിൽ നിന്നും 1000 രൂപയാക്കി ഉയർത്തി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 55125 പേർക്ക് പെൻഷൻ ഇനത്തിൽ 86,57,50,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ